**പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യൻ സാംസ്കാരിക രംഗത്തും ആശയതലത്തിലും ഉയർന്ന് വന്ന രണ്ട് പ്രതിഷേധങ്ങൾ**

1. ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കും തിൻമകൾക്കും അവകാശനിഷേധങ്ങൾക്കും എതിരായവ.
2. ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ച സാമ്രാജ്യത്വ ചൂഷണത്തിനെതിരായവ.

**ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ**

1. ബ്രിട്ടീഷ് ഭരണം ശക്തിപ്പെടുത്താൻ ഇന്ത്യൻ ജീവിതത്തേയും സംസ്കാരത്തേയും അടുത്തറിയണമെന്ന തിരിച്ചറിവ്
2. അതിന് വേണ്ടി സംസ്കൃതത്തിലും പേർഷ്യനിലുമുള്ള കൃതികൾ പരിഭാഷപ്പെടുത്താൻ
3. തങ്ങളോട് വിധേയത്തമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ.
4. ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും ഭരണം നിലനിർത്തുന്നതിനും ജനങ്ങളുടെ പിന്തുണ നേടാൻ

| ബ്രിട്ടീഷുകാർ ആരംഭിച്ച സ്ഥാപനങ്ങൾ | സ്ഥാപകർ |
|---|---|
| ഏഷ്യാറ്റിക് സോസൈറ്റി ഓഫ് ബംഗാൾ | വില്യം ജോൺസ് |
| കൽക്കട്ട മദ്രസ | വാറൻ ഹേസ്റ്റിങ്സ് |
| ബനാറസ് സംസ്കൃത കോളേജ് | ജൊനാഥൻ ഡങ്കൻ |

**ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സ്വാധീനം ഇന്ത്യയിൽ**

1. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യക്കാർ ജനാധിപത്യം, സോഷ്യലിസം, സ്വാതന്ത്ര്യം, യുകതി ചിന്ത, തുല്യനീതി, ശാസ്ത്ര ബോധം, പൗരാവകാശം എന്നിവയെകുറിച്ച് ബോധവാൻമാരായി.
2. ബ്രിട്ടീഷ് ചൂഷണങ്ങൾ തിരിച്ചറിഞ്ഞു.
3. സാമൂഹികാചാരങ്ങളേയും അനുഷ്ഠാനങ്ങളേയും പരിഷ്കരിച്ചു.
4. പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നുകയറ്റത്തെ ചെറുക്കാൻ ശ്രമിച്ചു.
5. ഇന്ത്യൻ സമൂഹം, ഭാഷ, കല, സാഹിത്യം തുടങ്ങിയവയെ നവീകരിച്ചു
6. ഇന്ത്യൻ ജനതയിൽ ദേശീയതയും ഐക്യബോധവും വളർന്നു.

**സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ട് വെച്ച ആശയങ്ങൾ**

ജാതി വ്യവസ്ഥ നിർമാർജനം ചെയ്യുക – എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക.
സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുക – എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.
വിധവ പുനർ വിവീഹം നടപ്പിലാക്കുക – ശൈശവ വിവാഹം നിർത്തലാക്കുക.
പുരോഹിത മേധാവിത്വം അവസാനിപ്പിക്കുക

**പരിഷ്കർത്താക്കളും ആശയങ്ങളും**

| | |
|---|---|
| **സ്വാമി വിവേകാനന്ദൻ** | **രാമകൃഷ്ണ മിഷൻ** - ജാതി വ്യവസ്ഥ, അനാചാരങ്ങൾ എന്നിവയെ എതിർത്തു. സ്വാതന്ത്ര്യം, സമത്വം, സ്വതന്ത്ര്യ ചിന്ത എന്നിവ പ്രോൽസാഹിപ്പിച്ചു. |
| **ശ്രീനാരായണ ഗുരു** | **SNDP-** ജാതി വ്യവസ്ഥയേയും ദുരാചാരങ്ങളേയും എതിർത്തു. |
| **സ്വാമീ ദയാനന്ദ സരസ്വതി** | ആര്യസമാജം - വിഗ്രഹാരാധന, ശൈശവ വിവാഹം എന്നിവയെ എതിർത്തു. |
| **ആനിബസന്റ്** | **തിയോസഫിക്കൽ സൊസൈറ്റി** - ഹിന്ദുമതത്തിന്റെ പുനരുദ്ധാനത്തിനായി പ്രവർത്തിച്ചു. |

**സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താക്കൾ**

| | |
|---|---|
| **രാജാറാം മോഹൻ റായി** | 1. ബ്രഹ്മ സമാജം സ്ഥാപിച്ചു.<br>2. ജാതി വ്യവസ്ഥയേയും സതിയേയും ശക്തമായി എതിർത്തു.<br>3. ഒരൊറ്റ ഇന്ത്യൻ ജനതയെന്ന ആശയം പ്രചരിപ്പിച്ചു.<br>4. സ്ത്രീകൾക്ക് സ്വത്തിൻമേൽ അവകാശം വേണമെന്ന് ആവശ്യപ്പെട്ടു |
| **ഈശ്വര ചന്ദ്ര വിദ്യാസാഗർ** | 1. വിധവകളുടെ പുനർ വിവാഹത്തിനായി പ്രവർത്തിച്ചു.<br>2. സ്ത്രീകൾക്ക് വിദ്യാലയങ്ങൾ സ്ഥാപിച്ചു. |
| **പണ്ഡിത രമാഭായ്** | 1. വിധവകൾക്ക് വിദ്യാഭ്യാസം നൽകാനായി ബോംബെയിൽ ശാരദാസദൻ സ്ഥാപിച്ചു. |

**സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനഫലമായി വന്ന സാമൂഹിക മാറ്റങ്ങൾ**

ശൈശവ വിവാഹം, ബഹുഭാര്യത്വം എന്നിവ നിരോധിച്ചു.
പെൺ ശിശുഹത്യ, അടിമത്തം, സതി എന്നിവ നിരോധിച്ചു.
വിധവ പുനർവിവാഹം നടപ്പിലാക്കി

**Riyasmon B, AMHSS VENGOOR**

# അധ്യായം 5 - സംസ്കാരവും ദേശീയതയും

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലൂടെ സാമൂഹിക പരിഷ്കർത്താക്കളുടെ ലക്ഷ്യങ്ങൾ**

പാശ്ചാത്യ വിദ്യാഭ്യാസത്തെ എതിർക്കുക, സാമൂഹിക അനാചാരങ്ങളെ എതിർക്കുക,
മതേതര വിദ്യാഭ്യാസം നൽകുക, സ്ത്രീകളുടെ വിദ്യാഭ്യാസ ഉന്നമനം,
തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുക, ഇന്ത്യൻ കലകളേയും സംസ്കാരത്തേയും സംരക്ഷിക്കുക

| | **സ്ഥാപനം** | **സ്ഥാപകർ** | **ലക്ഷ്യങ്ങൾ** |
|---|---|---|---|
| വിദ്യാഭ്യാസം | ഡക്കാൺ എഡ്യൂക്കേഷൻ സൊസൈറ്റി. | 1. ജിജി അഗാർക്കർ<br>2. ബാലഗംഗാധര തിലക്<br>3. മഹാദേവ ഗോവിന്ദ റാനെഡെ | സാമൂഹികവും സാംസ്കാരികവുമായ പുരോഗതി.<br>മതേതര വിദ്യാഭ്യാസം |
| | വനിത സർവ്വകലാശാല | 1. ഡികെ കാർവെ | സ്ത്രീകളുടെ ഉന്നമനം |
| | വിശ്വ ഭാരതി ശർവ്വകലാ ശാല | രബീന്ദ്രനാഥ ടാഗോർ | രാഷ്ട്രങ്ങളുടെ അതിരുകൾക്കപ്പുറമുള്ള ദേശീയത |
| | ജാമിയ മില്ലിയ ഇസ്ലാമിയ | 1. മൗലാന മുഹമ്മദലി<br>2. ഷൗക്കത്തലി<br>3. ഡോ.സക്കീർ ഹുസൈൻ<br>4. അൻസാരി | മതേതര വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുക |
| | കേരള കലാമണ്ഡലം | വള്ളത്തോൾ നാരായണ മേനോൻ | പാശ്ചാത്യസംസ്കാരം നിയന്ത്രിച്ച് ഇന്ത്യൻ കലകളെ സംരക്ഷിക്കുക |
| | വാർധാ വിദ്യാഭ്യാസ പദ്ധതി | മാഹാത്മ ഗാന്ധി | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുക |

**<u>സാഹിത്യത്തിലെ പ്രതിപാദ്യ വിഷയങ്ങളും അതിന്റെ സ്വാധീനവും</u>**

1. ഇന്ത്യൻ സമൂഹത്തിൽ നില നിന്നിരുന്ന ജീർണതകൾക്കെതിരെയുള്ള പ്രതിഷേധം.
2. രാജ്യത്തിന്റെ വിവിധ ഭഗങ്ങളിൽ നടന്ന ജനങ്ങളുടെ ദുരിതങ്ങളും പ്രശ്നങ്ങളും
3. ഒരേ പ്രശ്നങ്ങൾ തന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്നുവെന്ന് ബോധ്യപ്പെട്ടു
4. ഇന്ത്യൻ ജനത ഒറ്റക്കെട്ടായി ഈ വ്യവസ്ഥക്കെതിരെ പ്രതിഷേധിക്കാൻ മുന്നോട്ട് വന്നു.

| | | | |
|---|---|---|---|
| **<u>സാഹിത്യ കൃതികൾ</u>**<br>രചയിതാക്കളും ലക്ഷ്യങ്ങളും | ആനന്ദമഠം - നോവൽ | ബങ്കിൻ ചന്ദ്ര ചാറ്റർജി | +ബംഗാളിലെ കർഷകരുടെ അവസ്ഥ<br>+സമ്പന്നരും സാധാരണക്കാരും തമ്മിലുള്ള വിത്യാസവും ബോധ്യപ്പെടുത്താൻ കഴിഞ്ഞു<br>+ദേശീയഗീതമായ വന്ദേമാതരം പിറവിയെടുത്തു |
| | നീൽദർപ്പൺ - നാടകം | ദീനബന്ധു മിത്ര | +ബംഗാളിലെ നീലം കർഷകർ അനുഭനിച്ച കൊടിയ പീഠനം |
| | സാരേ ജഹാം സെ അച്ഛാ- ഉറുദു കവിത | മുഹമ്മദ് ഇഖ്ബാൽ | ഇന്ത്യയുടെ പ്രകൃതി ഭംഗിയേയും ജനങ്ങളുടെ ഐക്യത്തേയും കാണിച്ചു. |

**ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് ചിത്രകാരൻമാർ നൽകിയ പങ്ക്.**

1. ഇന്ത്യൻ ചിത്രകലയെ പാശ്ചാത്യ സ്വാധീനത്തിൽ നിന്നും മോചിപ്പിച്ചു.
2. ജനമനസുകളിൽ ദേശീയതയുടെ ബിംബങ്ങൾ സൃഷ്ടിച്ചു.
3. ഇന്ത്യൻ ഗ്രാമങ്ങളിലെ ദുരിത ജീവിതം തുറന്നുകാട്ടി
4. ദുരാചാരങ്ങൾക്കെതിരെ സാമൂഹികാവബോധം സൃഷ്ടിച്ചു.

| | | | |
|---|---|---|---|
| **കല** | ഭാരത മാതാ | അബനീന്ദ്ര നാഥ ടാഗോർ | ഇന്ത്യൻ ജനങ്ങൾക്ക് ആഹാരം വസ്ത്രം എന്നിവ നൽകുന്ന ഭാരതമാതാവ് |
| | ഇന്ത്യൻ സൊസൈറ്റി ഫോർ ഓറിയന്റൽ സയൻസ് കൽക്കട്ട – പൗരസ്ത്യ കലയുടെ പ്രോൽ സാഹനം | | |
| | ശാകുന്ദളത്തിലെ രംഗം | രാജാ രവിവർമ | പുരാണങ്ങളിലെ സന്ദർഭങ്ങൾ |
| | സതി, ഗ്രാമീണ ചെണ്ടക്കാരൻ | നന്ദലാൽ ബോസ് | സാമൂഹിക ദുരാചാരങ്ങളും ചരിത്ര സംഭവങ്ങളും |
| | ഗ്രാമീണ ജീവിതം | അമൃതാ ഷേർഗിൽ | ഇന്ത്യൻ ഗ്രാമങ്ങളിലെ ദുരിത ജാവിതം |